# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1387</u> <u>15.6.2012-ൽ മറുപടിയ്ക്ക്</u>

**<u>'നിറവ് പദ്ധതി'</u>**

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | 'നിറവ്'പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിക്കുന്നതിനും മൂല്യ വർദ്ധനവിലൂടെയും ഉൽപന്ന വൈവിദ്ധ്യ വൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൃഷി അനുബന്ധമേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മൽസ്യകൃഷി, കൂൺകൃഷി , തേനീച്ചവളർത്തൽ എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള വിത്ത് മുതൽ വിപണിവരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറവ് . സംസ്ഥാനത്തെ 9 ജില്ലകളിലെ 11 നിയോജമണ്ഡലങ്ങളിലാണ് പദ്ധതി ആരംഭിച്ചത്. |
| (ബി) | സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളിൽ ഇതിനകം നിറവ് പദ്ധതി ആരംഭിച്ചിട്ടുണ്ട് ; | (ബി) | സംസ്ഥാനത്തെ 11 നിയോജക മണ്ഡലങ്ങളിൽ നിറവ് പദ്ധതി ഇതിനോടകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

(സി) നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് മണ്ഡലം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(സി) 'നിറവ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, വനം വകുപ്പ് മന്ത്രി, എം.എൽ.എ.മാർ, വിവിധ വകുപ്പ് തലവൻമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത യോഗത്തിലെ കൂട്ടായ തീരുമാനപ്രകാരമാണ് നിറവ് പദ്ധതി ആരംഭിക്കുന്നതിനുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

(ഡി) തളിപ്പറമ്പ് നിയോജക മണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) നിറവ് പദ്ധതി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

Snehamo

**സെക്ഷൻ ഓഫീസർ**